# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 -26

## ഗവ.എൽ.പി.സ്കൂൾ

## ഇടിഞ്ഞമല

# ഗവൺമെന്റ് എൽ പി സ്കൂൾ ഇടിഞ്ഞമല

## പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| സ്ഥാപിതം | 1984 |
| സ്കൂൾ കോഡ് | 30215 |
| ഗ്രാമം | ഇടിഞ്ഞമല |
| തപാൽ ഓഫീസ് | ഇടിഞ്ഞമല |
| പിൻകോഡ് | 6 8 5 1 4 |
| ഫോൺ നമ്പർ | 94 47 61 22 37 |
| email ID | glpschoolidinjamala@gmail.com |
| ഉപജില്ല | കട്ടപ്പന |
| വിദ്യാഭ്യാസ ജില്ല | കട്ടപ്പന |
| റവന്യൂ ജില്ല | ഇടുക്കി |
| പഞ്ചായത്ത് | ഇരട്ടയാർ |
| വില്ലേജ് | ഇരട്ടയാർ |
| ബ്ലോക്ക് പഞ്ചായത്ത് | കട്ടപ്പന |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം (ഗവൺമെന്റ്) |
| പഠനവിഭാഗം | എലിമെന്ററി (ഒന്നു മുതൽ നാലു വരെ) |
| പഠന ബോധന മാധ്യമം | മലയാളം &ഇംഗ്ലീഷ് |
| കുട്ടികളുടെ എണ്ണം | 40 |
| പ്രഥമ അധ്യാപകൻ | പംക്രേഷ്യസ് കെ സി (ഹെഡ്മാസ്റ്റർ) |
| അധ്യാപകരുടെ എണ്ണം | 3 |

# ആമുഖം

ഇടുക്കി ജില്ലയിൽ കട്ടപ്പന ഉപജില്ലയിൽപ്പെട്ട ഇടിഞ്ഞമല ഗവൺമെന്റ് എൽ പി സ്കൂൾ 1984 ലാണ് സ്ഥാപിതമായത് തുടക്കകാലത്ത് സ്കൂൾ പ്രവേശന പ്രായം കടന്ന കുട്ടികൾ ഉൾപ്പെടെ ധാരാളം കുട്ടികൾ ഇവിടെ അധ്യായത്തിനായി എത്തിയിരുന്നു. എന്നാൽ ഇപ്പോൾ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവുകൾ ഉണ്ട്.

യാത്രാസൗകര്യങ്ങളുടെ അഭാവമാണ് സ്കൂളിൽ കുട്ടികൾ കുറയാൻ കാരണം. 2012 സ്കൂളിൽ ആരംഭിച്ച പ്രീ പ്രൈമറി വിഭാഗം സ്റ്റാർസ് പ്രീ പ്രൈമറിയായി ഉയർത്തിയതിനാൽ പ്രീ പ്രൈമറി വിഭാഗത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലമായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായി തുടങ്ങിയിട്ടുണ്ട് നിലവിൽ പ്രീ പ്രൈമറിയിൽ ഈ വർഷം 35 കുട്ടികൾ അധ്യയനം നടത്തിവരുന്നു. വരും വർഷങ്ങളിൽ ഈ കുട്ടികൾ പ്രൈമറി ക്ലാസുകളിലേക്ക് കടന്നു വരുന്നതോടുകൂടി സ്കൂളിന്റെ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകും എന്നുള്ള പ്രതീക്ഷയാണ് ഉള്ളത്. ഈ അക്കാദമി മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ കുട്ടികളുടെ പഠന മികവിനോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിൽ ഉള്ള വളർച്ചയും ഊന്നൽ നൽകുക, കുട്ടികൾക്കാവശ്യമായ എല്ലാ സേവനങ്ങൾ നൽകുക വഴി അവരെ മികച്ച പൗരന്മാരായും സാമൂഹിക ഉത്പന്നങ്ങളായി മാറ്റുകയും ആണ് ഈ വിദ്യാലയം ഏറ്റെടുക്കുന്ന ദൗത്യം.

## നേട്ടങ്ങൾ മികവുകൾ

സ്കൂളിന്റെ ചുമരുകൾ ചിത്രങ്ങളാൽ അലങ്കൃതമാണ് പഴക്കമുള്ളതായെങ്കിലും പാചകപ്പുര ടോയ്‌ലറ്റുകൾ എന്നിവയുണ്ട് ഗ്രാമപഞ്ചായത്ത് നിർമ്മിച്ച നൽകിയ ഒരു ടോയ്‌ലറ്റ് ബ്ലോക്കും നിലവിലുണ്ട് പുതിയ ടോയ്‌ലറ്റ് കോംപ്ലക്സും പാചകപ്പുരയും നിർമ്മിക്കുവാൻ അനുമതി ആയിട്ടുണ്ട്.

നിലവിലെ സ്കൂൾ കെട്ടിടങ്ങൾ വളരെ പഴക്കമുള്ളതാണ് പുതിയ കെട്ടിടം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ പി ടി എ നേതൃത്വത്തിൽ നടന്നുവരുന്നു.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ എന്നും മുൻനിരയിലാണ് ഈ വിദ്യാലയം കലാമേളയിലും കായികമേളയിലും പ്രവർത്തിപരിചയമേളകളിലും അഭിമാനകരമായ നേട്ടങ്ങൾ മുൻവർഷങ്ങളിൽ കാഴ്ചവയ്ക്കാൻ സ്കൂളിനായി. ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ഒരേയൊരു വിദ്യാലയം എന്ന നിലയിൽ പഞ്ചായത്തിന്റെ തിലകക്കുറിയായി നിലനിൽക്കാൻ ഈ സരസ്വതി വിദ്യാലയത്തിന് സാധിക്കുന്നു.

## പരിമിതികൾ

കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും വേണ്ടത്ര കമ്പ്യൂട്ടറുകൾ ഇല്ല കൂടുതൽ കമ്പ്യൂട്ടറുകൾ ലഭിച്ചാൽ ഐടി പഠനം കൂടുതൽ കാര്യക്ഷമമാകും

ക്ലാസ് മുറികൾ ഒറ്റ ഹാൾ ആയാണ് നിലവിൽ ഉള്ളത്

സ്മാർട്ട് ക്ലാസ് മുറികളോ സ്മാർട്ട് ക്ലാസ്സ് ഉപകരണങ്ങളോ ലഭ്യമല്ല

സ്കൂൾ പരിസരം ചുറ്റുമതിനാൽ സുരക്ഷിതമല്ല തുറന്നു കിടക്കുന്ന സ്കൂളിന്റെ ഉള്ളിലുള്ള നടപ്പ് വഴി നാളിതുവരെയായി മാറ്റാൻ കഴിഞ്ഞിട്ടില്ല.

സ്കൂളിന് സ്വന്തമായ വാഹനം ലഭ്യമല്ല

മികച്ച ലൈബ്രറിയുടെ കുറവ്

കലാ കായിക പ്രവർത്തിപരിചയ അധ്യാപകരുടെ അഭാവം

# അക്കാദമിക മാസ്റ്റർ പ്ലാൻ  ലക്ഷ്യങ്ങൾ

കുട്ടികളുടെ ഭാഷാശേഷി വികാസം

ഗണിതശേഷി വികാസം

വായനശേഷി വർദ്ധിപ്പിക്കാൻ

ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കൽ

ലൈബ്രറി ശക്തിപ്പെടുത്തൽ

സ്കോളർഷിപ്പുകളുടെ പരിശീലനം

അധ്യാപക ശാക്തീകരണം

കലാ പ്രവർത്തിപരിചയ പരിശീലനം

പഠന യാത്രകൾ

പച്ചക്കറി കൃഷിത്തോട്ടങ്ങൾ നിർമ്മാണം

പൂന്തോട്ട നിർമ്മാണം

മദ്യത്തിനും ലഹരിക്കും എതിരെയുള്ള ബോധവൽക്കരണ പരിപാടികൾ

ഭക്ഷ്യമേളകൾ

വിവിധ ദിനാചരണങ്ങൾ

ഫീൽഡ് ട്രിപ്പുകൾ

കായിക പരിശീലനം

ഐടി പരിശീലനം ഗവേഷണാത്മക പഠനം

മത്സര പരീക്ഷ പരിശീലനം

ജന്മദിനങ്ങൾ

ശാസ്ത്ര ഗണിതശാസ്ത്രമേളകൾ

ചിത്രരചന പരിശീലനം

പിടിഎ എംപിയെ ക്ലാസ് പിടിഎ ഇവ കാര്യക്ഷമമാക്കൽ

മാലിന്യ സംസ്കരണം

പ്രൈമറി വിഭാഗത്തിലെ കളി ഉപകരണങ്ങൾ മുറിക്കുള്ളിൽ ഉള്ളവയും പുറത്തുള്ളവയും

നവീകരിക്കൽ റിപ്പയറിങ്

സംരക്ഷണഭിത്തി നിർമ്മാണം

സ്കൂളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ.

# പ്രവർത്തന വിശദാംശങ്ങൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഉപമേഖല-മലയാളം ഭാഷാശേഷി വികസനം** | | | | |
| കുട്ടികൾക്ക് മലയാളം അനായാസം എഴുതാനും വായിക്കാനും കഴിയുക ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കുക | അക്ഷരങ്ങൾ ഉറപ്പിക്കുക ചിഹ്നങ്ങൾ ഉറപ്പിക്കൽ പദക്കാർഡുകൾ നിർമ്മിക്കുന്നു സംയുക്ത ഡയറി/സർഗാത്മക ഡയറി- ഇവയെഴുതൽ വായന കളരികൾ രചനാ വേദികൾ പദക്കാർഡുകൾ,ചെറുവാക്യകാർഡുകൾ- ഇവ നിർമ്മിക്കുന്നു സ്വന്തം സൃഷ്ടികൾ തയ്യാറാക്കുന്നു സർഗാത്മക രചനകൾ നടത്തുന്നു | വർഷം മുഴുവൻ | അധ്യാപകർ/ രക്ഷിതാക്കൾ വിദ്യാർഥികൾ | |
| **ഉപമേഖല-വായനശേഷി വികസനം** | | | | |
| കുട്ടികളുടെ വായനശേഷി വർദ്ധിക്കുക | വിവിധ ക്ലാസുകളുടെ നിലവാരത്തിനനുസരിച്ച് വ്യത്യസ്ത വായന സാമഗ്രികൾ നൽകുന്നു വായനാ മൂലകൾ തയ്യാറാക്കുന്നു വായിച്ച പുസ്തകത്തെകുറിച്ച് കുറിപ്പുകളും ലഘു വിവരണങ്ങളും തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു കാലദൈർഘ്യം | 1 വർഷം | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| **ഉപമേഖല : ഇംഗ്ലീഷ് പഠനംകാര്യക്ഷമമാക്കൽ** | | | | |
| **എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയുക** | **ഇംഗ്ലീഷ് റെയിൻസ് സ്റ്റോറീസ് വായന കാർഡുകൾ കാണാനും കേൾക്കാനും വായിക്കാനും സൗകര്യമൊരുക്കുന്ന വസ്തുക്കളുടെയും ജീവികളുടെയും നിത്യോപയോഗ സാമഗ്രികളുടെയും ചിത്രങ്ങൾ കാർഡുകൾ വാക്കുകൾ പ്രദർശിപ്പിക്കുന്നു വായിക്കുന്നു ഇംഗ്ലീഷ് അസംബ്ലി റീഡിങ് കാർഡ് റെയിൻ,സ്റ്റോറീസ് എഴുതുന്നു ഇംഗ്ലീഷ് ടീച്ചർ സ്റ്റോറീസ് ഇവ അസംബ്ലിയിൽ അവതരിപ്പിക്കുന്നു** | **മൂന്നുമാസം വീതമുള്ള നാല് ടേമുകൾ** | **ക്ലാസ് ടീച്ചർ രക്ഷിതാക്കൾ** | |
| **ഉപമേഖല സ്കോളർഷിപ് പരിശീലനം** | | | | |
| **കുട്ടികളെ സ്കോളർഷിപ്പരീക്ഷകൾക്ക് തയ്യാറാക്കൽ [എൽ എസ് എസ് ]** | **പഠനത്തോട് ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ പൊതുവിജ്ഞാന ചോദ്യങ്ങൾ പരിശീലിപ്പിക്കുന്നു പ്രത്യേക പരീക്ഷകൾ കൂട്ടായ പഠന പ്രവർത്തനങ്ങൾ** | **മൂന്നുമാസം** | **എല്ലാ അധ്യാപകരും, എസ് ആർ ജി ,രക്ഷിതാക്കൾ** | |

## ഉപമേഖല : പച്ചക്കറികൃഷി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിഷ രഹിതമായ പച്ചക്കറികൾ വിളയിക്കുക<br>കുട്ടികളിൽ കൃഷിയോടുള്ള അനുകൂല മനോഭാവം വളർത്തുക കാർഷിക അധ്വാനശീലം വളർത്തുക | • സ്കൂൾ ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ കൃഷി ചെയ്ത് എടുക്കുന്നു<br>• ജൈവകൃഷിരീതികൾ പരിചയപ്പെടുത്തുന്നു പ്രയോജനപ്പെടുത്തുന്നു<br>• മഴമറ കൃഷി പ്രോത്സാഹിപ്പിക്കുന്നു<br>• കൃഷിയുടെ മഹത്വം മനസ്സിലാക്കാൻ വേണ്ട പരിശീലനം നൽകുന്നു | വർഷം മുഴുവൻ | അധ്യാപകർ/ രക്ഷിതാക്കൾ വിദ്യാർഥികൾ | |

## ഉപമേഖല ഫീൽഡ് ട്രിപ്പുകൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഫീൽഡ് ട്രിപ്പ് - പാഠപുസ്തകത്തിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും അനുഭവിച്ചറിയുന്നതിനും | • ബാങ്ക്,തൊഴിലിടങ്ങൾ,പോസ്റ്റ് ഓഫീസ്, ലഘു വ്യവസായങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ സന്ദർശിക്കാൻ അവസരം.<br>• മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിക്കുന്നു<br>സന്ദർശിക്കുന്ന ഇടങ്ങളിലെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നു | വർഷം മുഴുവൻ | അധ്യാപകർ/ രക്ഷിതാക്കൾ | |
| | | | | |

| | | | | |
|---|---|---|---|---|
| **ഉപമേഖല -മദ്യം ലഹരി വിരുദ്ധ ബോധവൽക്കരണം** | | | | |
| ലഹരിയുടെ ദോഷവശങ്ങൾ കുട്ടികളെ ബോധ്യപ്പെടുത്തുന്നു<br>ലഹരിയുടെ പിടിയിൽ നിന്ന് പുതുതലമുറയെ രക്ഷിക്കുക<br>സമൂഹ സഹകരണത്തോടെ സ്കൂൾ പരിസരങ്ങളിലെ ലഹരി വില്പന ഉപയോഗം ഒഴിവാക്കുക | ലഹരി വസ്തുക്കൾ ദോഷഫലങ്ങൾ ബോധ്യപ്പെടുത്തുന്ന ക്ലാസുകൾ വിതരണം സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ആയി നടത്തുക<br>സ്കൂൾ പരിസ്ഥിരങ്ങളിൽ ലഹരിവസ്തുക്കളുടെ വില്പന ഉപയോഗം കണ്ടെത്തുക പരിഹാരം കാണുക<br>പക്ഷികൾ ബാനറുകൾ ബോധവൽക്കരണ പ്ലക്കാട്ടുകൾ നിർമ്മാണം പ്രദർശനം | **വർഷം മുഴുവൻ** | **അധ്യാപകർ രക്ഷിതാക്കൾ** | |
| **ഉപമേഖല :ഐടി പരിശീലനം** | | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലദൈർഘ്യം** | | |
| വിവരസാങ്കേതികവിദ്യയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിലും പാഠഭാഗങ്ങളിൽ പ്രയോഗിക്കുന്നതിലും ജീവിതത്തിൽ ഉപയോഗിക്കുന്നതിനംന്നതിനം | ഐടി അധിഷ്ഠിത പഠനം എല്ലാ കുട്ടികൾക്കും സാധ്യമാകുന്നതിനും ഐടി ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നതിനുമുള്ള പരിശീലനം<br>ഐടി സാധ്യത ഉപയോഗിച്ച് മാതൃകകൾ നിർമ്മിക്കാൻ പരിശീലനം | **വർഷം മുഴുവൻ** | അധ്യാപകർ | |
| **ഉപമേഖല കലാപരിശീലനം** | | | | |
| കാലാ വാസനയുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു | പ്രസംഗം ചിത്രരചന സംഗീതം നൃത്തം കവിതാലാപനം ഇവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു<br>ചെണ്ട ഡാൻസ് വിദഗ്ധരുടെ സഹായത്തോടെ പരിശീലനം | **വർഷം മുഴുവൻ** | **അധ്യാപകർ രക്ഷിതാക്കൾ** | |

| | | | | |
|---|---|---|---|---|
| | **ജില്ലാ കലാമേള സ്കൂൾ വാർഷികം ഇവയ്ക്കായി കുട്ടികളെ തയ്യാറാക്കുന്നു** | | | |
| **ഉപമേഖല :പ്രവർത്തി പരിചയ പരിശീലനം** | | | | |
| **വിവിധ പ്രവർത്തിയെ പരിശീലനങ്ങൾക്ക് പരിശീലനം നൽകാൻ** | **കുട്ടികളെ താല്പര്യമുള്ള പ്രവർത്തികളിൽ പരിശീലനം**<br>**കുട നിർമ്മാണം**<br>**തയ്യൽ**<br>**മുത്ത് കൊണ്ടുള്ള ഉൽപ്പന്നങ്ങൾ**<br>**മുള ഉൽപ്പന്നങ്ങൾ**<br>**വയറിങ്**<br>**കാർപെൻഡറി**<br>**ചോക്ക് നിർമ്മാണം**<br>**ലോഹ ഷീറ്റ് ഉത്പന്നങ്ങൾ തുടങ്ങിയവ ഉദാഹരണങ്ങൾ**<br>**രക്ഷിതാക്കളെ ഉൾപ്പെടുത്തി പരിശീലനം നൽകുന്നു**<br>**ഓരോ വിഭാഗത്തിലെയും വിദഗ്ധരെ ഉൾപ്പെടുത്തി പരിശീലനം നൽകുന്നു ഓരോ വിഭാഗത്തിലെയും വിദഗ്ധരെ ഉൾപ്പെടുത്തി പരിശീലനം നൽകുന്നു** | 6 മാസം | SRG, രക്ഷിതാക്കൾ, വിദഗ്ധർ | |
| **ഉപമേഖല :പഠന യാത്രകൾ** | | | | |
| പഠന വിഷയമായ കാര്യങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കാനുള്ള അവസരം ഒരുക്കുക | വിവിധ ക്ലാസ്സുകളുടെ നിലവാരത്തിനനുസരിച്ചുള്ള വിവിധ സ്ഥലങ്ങൾ കണ്ടെത്തുന്നു<br>ആസൂത്രണം തത്സമയം ചെറു കുറിപ്പുകൾ തയ്യാറാക്കുന്നു വിവരണങ്ങൾ തയ്യാറാക്കുന്നു യാത്ര പതിപ്പുകൾ തയ്യാറാക്കുന്നു. | 1, 2 ദിവസങ്ങൾ | **അധ്യാപകർ രക്ഷിതാക്കൾഎസ് എം സി അംഗങ്ങൾ** | |
| **ഉപമേഖല : 12 ദിനാചരണങ്ങൾ** | | | | |

| | | | | |
|---|---|---|---|---|
| ഒരു അധ്യയന വർഷത്തെ പ്രധാനപ്പെട്ട ദിവസങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി കൂടുതൽ അറിവ് നേടുക സാമൂഹിക ബന്ധങ്ങൾ നിലനിർത്തുക | പ്രധാന ദിനാചരണങ്ങളുടെ പ്രത്യേകതകളും മറ്റും മനസ്സിലാക്കി പരസ്പരം പങ്കുവയ്ക്കുക<br>പ്രത്യേക ദിനങ്ങളുമായി ബന്ധപ്പെട്ട ആളുകളുമായി ആശയം വിനിമയം നടത്തുകയും അനുമോദന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.<br>പ്രധാന ദിനങ്ങളുമായി ബന്ധപ്പെട്ട് സെമിനാറുകൾ ക്വിസ് മത്സരങ്ങൾ പോസ്റ്റർ ബോർഡുകൾ ബാനറുകൾ ആദരിക്കലുകൾ എന്നിവ.. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് എസ് എം സി | |
| **ഉപമേഖല : ലൈബ്രറി ശക്തിപ്പെടുത്തൽ** | | | | |
| **കുട്ടികൾക്ക് വായിനോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും നല്ല വായന പരിശീലിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും** | **ഓരോ ക്ലാസിലേക്കും ആവശ്യമായ പുസ്തകങ്ങൾ തരംതിരിച്ച് എല്ലാ കുട്ടികൾക്കും ഇരുന്നു വായിക്കാനും വായനക്കുറിപ്പുകൾ തയ്യാറാക്കാനും സൗകര്യം നൽകുന്നു...** | **3 മാസം** | **ബിആർസി പഞ്ചായത്ത് എസ് ആർ ജി ഹെഡ്മാസ്റ്റർ** | |
| **ഉപമേഖല:ശാസ്ത്രം** | | | | |
| **കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക ശസ്ത്ര തത്വങ്ങളെ ലളിതമായി മനസ്സിലാക്കുക** | **ലളിതമായ പരീക്ഷണങ്ങളുടെ ശാസ്ത്രത്വങ്ങൾ മനസ്സിലാക്കുന്നു**<br>**ശാസ്ത്രമേളകളി പങ്കെടുക്കുന്നു**<br>**ശാസ്ത്രബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു** | **വർഷം മുഴുവൻ** | **ശാസ്ത്ര അധ്യാപിക അധ്യാപകർ** | |
| **ഉപമേഖല:ഗണിതം** | | | | |
| **ഗണിത പഠന പ്രവർത്തനങ്ങൾ കൂടുതൽ ലളിതവും എളുപ്പവും ആക്കൽ ഗണിതത്തിലെ** | **വർക്ക് ഷീറ്റുകൾ മൂർത്തവ വസ്തുക്കൾ എണ്ണൽ തന്ത്രങ്ങൾ ഉപയോഗിക്കുന്നു.**<br>**ഗണിതത്തിൽ മികവ്** | **വർഷം മുഴുവൻ** | **ഗണിത അധ്യാപിക അധ്യാപകർ** | |

| | | | | |
|---|---|---|---|---|
| അടിസ്ഥാന ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കൽ.. | കാണിക്കുന്ന കുട്ടികളെ മറ്റു കുട്ടികൾക്ക് ഗണിതാശയങ്ങൾ ഉറപ്പിക്കാനായി ഉപയോഗിക്കുന്നു. ഗണിത ആശയങ്ങളിൽ വ്യാഖ്യാനിക്കാനും ഉചിത സന്ദർഭങ്ങളിൽ നിത്യജീവിതത്തിൽ പ്രയോഗിക്കാനും പരിശീലിപ്പിക്കുന്നു | | | |
| **ഉപമേഖല :കായിക പരിശീലനം** | | | | |
| കായിക ശേഷി വർദ്ധിപ്പിക്കുക കായികമേളകളിലെ പങ്കാളിത്തം പരിശീലനം കായിക വിനോദ പരിപാടികളോട് അഭിരുചി വളർത്തുക. മികച്ച വ്യായാമങ്ങളും ആരോഗ്യശീലങ്ങളും വളർത്തുക. | താല്പര്യമനുസരിച്ച് വിവിധ കായിക വിനോദങ്ങളിൽ പരിശീലനത്തിന് അവസരം ലഭിക്കുന്നു സാധാരണ കായികങ്ങളിൽ ഓട്ടം ചാട്ടം റിലേ വിവിധ ബോൾ ഇനങ്ങൾ ഇവയിൽ രാവിലെയും വൈകുന്നേരവും ക്ലാസ് പഠനത്തിന് പുറത്ത് പരിശീലനം നൽകുന്നു. കായികമേളകൾക്കായി പ്രത്യേക പരിശീലനം നൽകുന്നു | വർഷം മുഴുവൻ | അധ്യാപകർ രക്ഷിതാക്കൾഎസ് എം സി അംഗങ്ങൾ | |
| **ഉപമേഖല -ക്ലാസ് പിടിഎ ശക്തിപ്പെടുത്തൽ** | | | | |
| സി പി ടി എകൾ ശക്തിപ്പെടുത്തുന്നതിലൂടെ എല്ലാ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവുകൾ പോരായ്മകൾ ഇവ മനസ്സിലാക്കുന്നു പഠന പ്രവർത്തനങ്ങളിൽ ഇടപെടാനും അതുവഴി കുട്ടികളുടെ പഠനം മെച്ചപ്പെടുത്താനും കഴിയുന്നു | കാര്യക്ഷമമായി സിപിഐ യോഗങ്ങൾ നടത്തുന്നു കുട്ടികളുടെ പഠന നേട്ടങ്ങളും പഠന തെളിവുകളും ഇനിയും നേടേണ്ട പഠനലക്ഷ്യങ്ങളും സിപിഐയിൽ അവതരിപ്പിക്കുന്ന് | മൂന്നു മാസത്തിൽ ഒരിക്കൽ | എസ്.ആർ ജി ക്ലാസ് ടീച്ചർ എച്ച് എം രക്ഷിതാക്കൾ | |
| **ഉപമേഖല-ഗവേഷണാത്മക പഠനം** | | | | |
| ക്ലാസ് മുറികളിലെ പഠന പ്രവർത്തനങ്ങൾക്ക് തുടർച്ച ലഭിക്കുക രക്ഷിതാക്കളുടെ | നിത്യജീവിതത്തിലെ പല സന്ദർഭങ്ങളെയും പഠന പ്രവർത്തനങ്ങളുടെ തുടർച്ചക്കായും | | അധ്യാപകർ രക്ഷിതാക്ക | |

| | | | | |
|---|---|---|---|---|
| സഹായത്തോടെ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുക | ഉറപ്പിക്കാനായും ഉപയോഗപ്പെടുത്തുന്ന പഠന വസ്തുക്കൾ ഉറപ്പിക്കാൻ അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികളെ സഹായിക്കാൻ തക്ക പ്രവർത്തനങ്ങൾ നടത്താനാവും | വർഷം മുഴുവൻ | ൾഎസ് എം സി അംഗങ്ങൾ | |
| ഉപമേഖല -മാലിന്യ സംസ്കരണം | | | | |
| മാലിന്യ സംസ്കരണം നിത്യജീവിതത്തിന്റെ ഭാഗമാണെന്നും പൗരന്റെ ഉത്തരവാദിത്തമാണെന്നും കുട്ടികളെ ബോധ്യപ്പെടുത്തുന്നു | മാലിന്യസംസ്ഥാനത്തിന്റെ വിവിധ മാർഗങ്ങൾ സ്കൂളിലും വീട്ടിലും നടപ്പിലാക്കി കുട്ടികളെ അവ മനസ്സിലാക്കുന്നു പരിശീലിപ്പിക്കുന്നു സാമൂഹ്യമായ ഇടപെടിലൂടെ മാലിന്യ സംസ്കരണം ഉത്തരവാദിത്ത പ്രവർത്തനങ്ങളിലൂടെയും വിദഗ്ധരുടെ സഹായത്തോടെയും സാധ്യമാകുന്നു | വർഷം മുഴുവൻ | അധ്യാപകർ രക്ഷിതാക്കൾഎസ് എം സി അംഗങ്ങൾ | |

## ഉപസംഹാരം

ഇടിഞ്ഞമല ഗവൺമെന്റ് എൽ പി സ്കൂൾ അതിന്റെ സാമൂഹിക സാഹചര്യങ്ങളും വിഭവങ്ങളും ഉപയോഗപ്പെടുത്തി സ്കൂളിന്റെ സർവ്വതോമുഖമായ വളർച്ചയും പുരോഗതിയും ലക്ഷ്യമിട്ട് 2025-26 അധ്യായന വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളോട് ചേർന്ന് നടപ്പിലാക്കാനായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്.

കുട്ടികളുടെ സമഗ്രമായ വളർച്ചയാണ് ഇതിന്റെ ആത്യന്തിക ലക്ഷ്യം. സ്കൂളിന്റെ സമഗ്ര വളർച്ചയ്ക്കും,ഉന്നതിക്കും ഈ പ്രവർത്തനങ്ങൾ ഉതകുമെന്നും ഇത് നടപ്പിലാക്കാനു ഇച്ഛാശക്തിയോടെ ഒത്തൊരുമിച്ച് പ്രവർത്തിക്കുവാനും രക്ഷിതാക്കളും ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അഭിയോകാംക്ഷികളും പൂർവ്വ വിദ്യാർത്ഥികളും മറ്റ് സുമനസ്സുകളും മുന്നോട്ടുവരണമെന്നും ഞങ്ങൾ ആഗ്രഹിക്കുകയും ഹൃദയപൂർവ്വം ഏവരെയും അതിനായി സ്വാഗതം ചെയ്യുകയും ചെയ്യുന്നു. മേൽ പ്രവർത്തനങ്ങൾ എല്ലാം

**സമയബന്ധിതമായും കൃത്യതയോടെയും നടപ്പിലാക്കുമെന്നും ഇതുവഴി വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിയും ഉറപ്പാക്കും എന്നും ഇതിനാൽ ഞങ്ങൾ ദൃഢനിശ്ചയം ചെയ്യുന്നു.**

## നന്ദി.....